

# സാമൂഹ്യശാസ്ത്രം

**SOCIAL SCIENCE**
**MALAYALAM MEDIUM**

# മൂന്നാം തരം

**STANDARD THREE**

## ഭാഗം II

**TERM II**





# 1.ഒരു യാത്ര പോയാലോ?



ചെമ്പൻ വാതിലിലൂടെ നോക്കിയിരുന്നു, വിറകു ശേഖരിക്കാൻ പോയ അച്ഛൻ ഇതുവരെ എത്തിയിട്ടില്ല. സാധാരണയായി ഒന്നു രണ്ടു ദിവസങ്ങൾക്കകം എത്തിച്ചേരും. എന്നാൽ ഇപ്പോൾ ഒരാഴ്ചയാകുന്നു. അവന്റെ അച്ഛൻ നല്ല ശ്രദ്ധയുള്ള ആളാണ്. അപരിചിതമായ വഴിയിലൂടെ യാത്ര ചെയ്ത് ആപത്ത് ക്ഷണിച്ചു വരുത്താറില്ല.

ഓരോ പ്രാവശ്യവും ചെമ്പന് ഒരു പുതിയ കഥയുമായിട്ടായിരിക്കും അച്ഛൻ തിരിച്ചു വരുന്നത്. കാട്ടിൽ കണ്ട ഭംഗിയുള്ളതും രസകരവുമായ മൃഗങ്ങളെപ്പറ്റിയും പറയും. ചെമ്പന് അച്ഛനൊടൊപ്പം കാട്ടിൽ പോകാൻ വളരെ ഇഷ്ടമാണ്. എന്നാൽ അതിന് ചെമ്പന് ഇനിയും പല വർഷങ്ങൾ കാത്തിരിക്കേണ്ടി വരും.

അങ്ങനെ ചിന്തിച്ചിരിക്കുമ്പോൾ പെട്ടെന്ന് “കടകടാ” എന്ന് എന്തോ ഉരുളുന്ന ശബ്ദം. ചെമ്പൻ ആദ്യം ഒന്നു ഭയന്നു. അതാ അവന്റെ അച്ഛൻ. എന്തോ വലിച്ചു കൊണ്ടു വരുന്നു. അതും കൂടെ വരികയായിരുന്നു.

ചെമ്പന് എന്തെന്നില്ലാത്ത സന്തോഷവും അതിശയവും. അച്ഛന്റെ അടുത്തേക്കു ഓടിച്ചെന്നു. ഉരുളുന്ന ആ വസ്തുവിനെ ആശ്ചര്യത്തോടെ നോക്കി. “അച്ഛാ എന്താണിത്?” അവൻ ചോദിച്ചു.



“മലയിലെ കല്ലുകളും മരക്കഷ്ണങ്ങളും ഉരുളുന്നതു ഞാൻ കണ്ടു. ഞാനൊന്നു ചിന്തിച്ചു. കിട്ടിയ ഒരു മരക്കഷണത്തെ വട്ടത്തിൽ മുറിച്ച് ഞാനിതുണ്ടാക്കി. എങ്ങനെയുണ്ട്?” അച്ഛൻ ചോദിച്ചു.





"വളരെ നന്നായിരക്കുന്നു. അച്ഛാ." അവൻ സന്തോഷത്തോടെ പറഞ്ഞു. ലോകത്ത് എന്റെ അച്ഛനെപ്പോലെ ആരുമില്ലെന്ന് അവൻ മനസിൽ കരുതി.

ഈ കഥയിൽ വരുന്ന ചെമ്പൻ ആയിരക്കണക്കിനു വർഷങ്ങൾക്കുമുമ്പ് ജീവിച്ചിരുന്ന കുട്ടിയാണ്. അവന്റെ അച്ഛനാണ് ഈ ചക്രവണ്ടിയെ ഉരുട്ടി കൊണ്ടു വന്ന മനുഷ്യൻ.





ചക്രം ഉണ്ടായി. യാത്ര ലഘുവായി.

ഒരു സ്ഥലത്തു നിന്നും മറ്റൊരിടത്തേക്കു പോകുന്നതിനെ യാത്ര എന്നു പറയും. ഇന്നു നാം ലോകം മുഴുവനും യാത്രചെയ്യാൻ പലതരത്തിലുള്ള വാഹനങ്ങൾ ഉപയോഗിക്കുന്നു. അതിൽ വ്യത്യസ്തമായ ചക്രങ്ങൾ ഘടിപ്പിച്ചിരിക്കുന്നു.





ഈ സ്ഥലങ്ങളിൽ യാത്ര ചെയ്യാൻ നിങ്ങൾ ഏതെല്ലാം വാഹനങ്ങളാണ് ഉപയോഗിക്കുക?




നിങ്ങളുടെ മുത്തച്ഛൻ പണ്ട് ഈ സ്ഥലങ്ങളിലെത്താൻ ആശ്രയിച്ച വാഹനങ്ങൾ ഏതായിരിക്കും? ചോദിച്ചെഴുതുക?

**അന്ന്**

______________________

______________________

______________________

______________________

**ഇന്ന്**

______________________

______________________

______________________

______________________

**50 വർഷങ്ങൾക്കു മുമ്പ്**

| ജനങ്ങൾ കൂടുതലായി ആശ്രയിച്ചിരുന്ന വാഹനങ്ങൾ | കുട്ടികൾ ആശ്ചര്യപൂർവ്വം നോക്കിയ വാഹനങ്ങൾ |
|---|---|
| ______________________ | ______________________ |
| ______________________ | ______________________ |
| ______________________ | ______________________ |

യാത്രചെയ്യാൻ പലതരത്തിലുള്ള വാഹനങ്ങൾ ഉപയോഗിക്കുന്നു. അതിൽ

- വേഗത്തിലോടുന്ന വാഹനം. ______________________

- വേഗത കുറഞ്ഞ വാഹനം. ______________________

- നിങ്ങൾക്ക് ഏതു വാഹനത്തിൽ യാത്രചെയ്യാനാണിഷ്ടം? എന്തുകൊണ്ട്?

  ______________________________________________

- നിങ്ങളുടെ സ്ഥലത്ത് ഇല്ലാത്ത വാഹനങ്ങൾ ഏതെല്ലാം? ______________

## യാത്രകൾ പലതരം ഉണ്ട്.



ഉല്ലാസയാത്രകൾ



പഠനത്തിനും ജോലിക്കും വേണ്ടിയുള്ള യാത്രകൾ.



യാത്ര എന്നാൽ



തീർത്ഥാടനം പോകുന്നത്



ബന്ധുക്കളെയും സുഹൃത്തുക്കളേയും കാണാൻ പോകുന്നത്

## യാത്ര നാലുതരത്തിൽ ഉണ്ട്.




2. ഇരുമ്പു പാളങ്ങളിലൂടെ









## ഈ രീതിയിൽ ഏത് വാഹനമാണ് പോവുക?

| യാത്രാരീതികൾ | വാഹനങ്ങൾ |
|---|---|
| റോഡുകളിലൂടെ | |
| ഇരുമ്പു പാളങ്ങളിൽ | |
| ജല മാർഗം | |
| ആകാശ മാർഗം | |



## റോഡു മാർഗം

ലോകത്തുള്ള വ്യത്യസ്ത സ്ഥലങ്ങളെ റോഡുകൾ ബന്ധിപ്പിക്കുന്നു. ജനങ്ങൾക്ക് യാത്ര ചെയ്യാനും സാധനസാമഗ്രികളെ ഒരിടത്തു നിന്നും മറ്റൊരിടത്ത് എത്തിക്കുന്നതിനും റോഡുകൾ പ്രയോജനപ്പെടുന്നു. നിത്യവും യാത്രചെയ്യാൻ ജനങ്ങൾ റോഡുകളെ ആശ്രയിക്കുന്നു.



## റയിൽ മാർഗം

നിങ്ങൾ ട്രെയിൻ യാത്ര ചെയ്തിട്ടുണ്ടോ? ഏതു സ്ഥലത്തേയ്ക്കാണ് പോയിട്ടുള്ളത്? ട്രെയിൻ റെയിൽവേപ്പാളത്തിലൂടെ സഞ്ചരിക്കുന്നു. ട്രെയിനാണ് ഭൂമിയിലൂടെ ഓടുന്നതിൽ വളരെ ദൂരം സൗകര്യപ്രദമായി യാത്ര ചെയ്യാൻ പറ്റിയ വാഹനം. നമ്മുടെ രാജ്യമാണ് ലോകത്തിലെ ഏറ്റവും നീണ്ട റെയിൽവേലൈനുള്ള രാജ്യം.

## ജല മാർഗം

നിങ്ങളുടെ പ്രദേശത്ത് ജല മാർഗ ഗതാഗതം ഉണ്ടോ? കപ്പൽ, ബോട്ട്, തോണി, യന്ത്ര ബോട്ട് മുതലായവ ജലമാർഗ വാഹനങ്ങളാണ്. തോട്, നദി, കടൽ എന്നിവയിലൂടെ ജല സഞ്ചാരം നടത്താം. മറ്റ് രാജ്യങ്ങളിലേയ്ക്ക് പോകുന്നതിനും ഭാരമേറിയ സാധനങ്ങൾ കൊണ്ടുപോകുന്നതിനും ജലമാർഗം ഉപകരിക്കുന്നു.





## ആകാശ മാർഗം

വളരെ കുറച്ചു സമയം കൊണ്ട് അധികം ദൂരം സഞ്ചരിക്കാവുന്ന മാർഗ മാണിത്. അതിവേഗ യാത്ര. മറ്റു യാത്രകളെക്കാൾ ചെലവു കൂടും. വിമാനങ്ങൾ വളരെ വലുതാണ്. ഹെലികോപ്റ്റർ അതിനേക്കാൾ ചെറുതാണ്. ഭക്ഷ്യക്ഷാമം വെള്ളപ്പൊക്കം തുടങ്ങിയ പ്രകൃതിക്ഷോഭ വേളകളിൽ ജനങ്ങൾക്ക് ഭക്ഷണമെത്തിക്കുന്നതിന് ഹെലി കോപ്റ്റർ സഹായിക്കുന്നു. വിമാനത്തിന് എത്തിച്ചേരാൻ കഴിയാത്ത സ്ഥലങ്ങളിലും ഹെലികോപ്റ്റർ ചെന്നെത്തും.





രണ്ടു ദിവസം ഉല്ലാസയാത്രയ്ക്കു പോകുമ്പോൾ നിങ്ങൾ എന്തൊക്കെ സാധനങ്ങളാണ് കൊണ്ടു പോകുക?











എന്തുകൊണ്ടാണ് ഭക്ഷ്യസാധനങ്ങൾ കൊണ്ടു പോകുന്നത്?
















**കണ്ടുപിടിക്കൂ.**

വാഹനങ്ങളുടെ വേഗതയനുസരിച്ച് തരംതിരിച്ച് ക്രമത്തിൽ നമ്പർ ഇടുക.

ഓരോ വാഹനത്തിലും എത്ര പേർക്ക് ഇരിക്കാമെന്ന് എഴുതുക?

പെട്രോൾ, ഡീസൽ ഉപയോഗിക്കുന്ന വാഹനങ്ങൾ തരംതിരിച്ച് എഴുതുക?


















__________ ആളുകൾ വരെ യാത്ര ചെയ്യാം







- ഒരേ സമയം നൂറിലധികം പേർ യാത്ര ചെയ്യാനുപയോഗിക്കുന്ന വാഹനമേത്?

- മേൽപ്പറഞ്ഞ പട്ടികയിൽ കുറച്ചു ദൂരം യാത്രചെയ്യാൻ പ്രയോജനപ്പെടുത്തുന്ന വാഹനമേത്?

- അധികദൂരം കുറഞ്ഞ ചെലവിൽ യാത്രചെയ്യാനുപകരിക്കുന്ന വാഹനമേത്?

- ചെന്നൈയിൽ നിന്ന് റാണിയും വാണിയും കായിക മത്സരത്തിനായി ഡൽഹിയിൽ പോയി. വാണി മൂന്നുമണിക്കൂർ സമയം കൊണ്ട് ഡൽഹിയിലെത്തി. റാണി രണ്ടു ദിവസം യാത്രചെയ്ത് ഡൽഹിയിലെത്തി. അങ്ങനെയാണെങ്കിൽ അവർ ഏതേതു വാഹനങ്ങളിലാണ് ഡൽഹിയിലേക്ക് യാത്ര ചെയ്തിട്ടുണ്ടാവുക?

- ആരാണ് കുറഞ്ഞ ചെലവിൽ യാത്ര ചെയ്തത്?

- പരിസരത്തെ മലിനമാക്കാതെ പോകുന്ന വാഹനമേത്?

- നിങ്ങളുടെ സ്കൂളിൽ നിന്നും വിനോദ യാത്ര പോകണമെന്നിരിക്കട്ടെ. എങ്ങനെ യാണ് അതിനൊരു രൂപരേഖ തയ്യാറാക്കുന്നത്?
ഏതു സ്ഥലം? അവിടെ എന്താണ് കാണാൻ പോകുന്നത്?
എത്ര കുട്ടികൾ?
എത്ര ദിവസം?
ഏതു വാഹനം?





സാമൂഹ്യശാസ്ത്രം

**അധ്യാപികയ്ക്ക്**

കുട്ടികളെ ഗ്രൂപ്പുകളായി തിരിച്ച്, പട്ടിക പ്രയോജനപ്പെടുത്തി ചുറ്റുപാടുകളെ മലിനമാക്കാതെ യാത്ര ചെയ്യാൻ എന്തൊക്കെ ചെയ്യണം എന്ന് ചർച്ച ചെയ്യുക.

മലയോര യാത്രയ്ക്ക് ഉപകരിക്കുന്ന വാഹനങ്ങൾ.



സാധാരണയായി ജനങ്ങൾ യാത്രയ്ക്ക് ഉപയോഗിക്കാത്തതും എന്നാൽ അടിയന്തിര യാത്രയ്ക്ക് ഉപയോഗിക്കുന്നതുമായ വാഹനങ്ങൾ.




പോലീസ് വാൻ



അഗ്നിശമന വാഹനം



അടിയന്തിര വാഹനം
(ആംബുലൻസ്)

സാധാരണ ജനങ്ങൾക്ക് ജോലിക്കു പോകാൻ പ്രയോജനപ്പെടുന്ന വാഹനങ്ങൾ. ചരക്കു കൊണ്ടുപോകുന്നതിനും അതുപോലുള്ള മറ്റു ജോലികൾക്കും മാത്രം ഉപയോഗിക്കുന്നവ.













നിങ്ങൾ ഒഴിവു കാലം ചെലവഴിക്കാൻ വിനോദ യാത്ര പോയിട്ടുണ്ടോ? ദൂരെയുള്ള ബന്ധുവീട്ടിലോ, ഉത്സവ സ്ഥലങ്ങളിലേക്കോ യാത്ര പോയിട്ടുണ്ടോ?
ഏതെല്ലാം വാഹനങ്ങളിലാണ് പോയിട്ടുള്ളത്? യാത്രാനുഭവം വിവരിക്കുക.



## തീവണ്ടി നിർമ്മിക്കാമോ?



















## വായിച്ച് രസിക്കൂ . . .

ഇന്ന് മീന ഏറെ സന്തോഷത്തിലാണ്. നാട്ടിൽ നിന്നും മാമൻ വരുന്നു. മീനയുടെ മാമൻ ശേഖർ. അദ്ദേഹം ഇന്ത്യ മുഴുവൻ സന്ദർശിച്ചിട്ടാണ് തിരിച്ചുവരുന്നത്.



അദ്ദേഹം കണ്ടു മടങ്ങിയ സ്ഥലങ്ങളുടെ ചിത്രങ്ങൾ (ഫോട്ടോ) കൊണ്ടു വന്നിട്ടുണ്ട്. മീനയോടൊപ്പം നമുക്കും ആ ഫോട്ടോകൾ കാണാം.

ഇന്ത്യയുടെ തെക്കുകിഴക്കുള്ള സമുദ്ര ഗ്രാമമാണ് ധനുഷ്കോടി. അവിടെ നിന്നും നഗരങ്ങളിലേക്ക് **ജീപ്പിൽ** പോയപ്പോൾ പല മത്സ്യത്തൊഴിലാളി ഗ്രാമങ്ങളെയും പനങ്കൂട്ടങ്ങളെയും കണ്ടു.

ചെന്നൈയിൽ നിന്നും രാമേശ്വരത്തേക്ക് **ട്രെയിനി**ലാണ് പോയത്. കടലിനു മുകളിൽ പണിതിട്ടുള്ള പാമ്പൻ പാലത്തിലൂടെ ട്രെയിനിൽ പോയത് ഒരു പ്രത്യേക അനുഭവം തന്നെ.






ചെന്നൈയിൽ നിന്ന് എന്റെ സുഹൃത്തുക്കളോടൊപ്പം **ബുള്ളറ്റ് ബൈക്കിൽ** മാമല്ലപുരത്തേക്കു പോയി. അവിടെ കടൽക്കരയിലുള്ള ക്ഷേത്രങ്ങളും ഗുഹാക്ഷേത്രങ്ങളും കണ്ടു. അത്ഭുതം തന്നെ!







ചെന്നൈയിൽ നിന്ന് ഉല്ലാസയാത്രക്കാർക്ക് മാത്രമായുള്ള ബസ്സിൽ ഒറീസ്സയിലെത്തി. അവിടെ കൊണാർക്കിലുള്ള സൂര്യക്ഷേത്രം കണ്ടു.



അവിടെ നിന്നും **വിമാനം** വഴി ആസ്സാമിലുള്ള ഗോഹട്ടിക്കു ചെന്നു. ഇത് ഇന്ത്യയുടെ വടക്കുകിഴക്കു ഭാഗമാണ്. അവിടെ ഹജ്റംഗ എന്ന കാഴ്ചബംഗ്ലാവു കണ്ടു.



അവിടെ നിന്നും **ഹെലികോപ്റ്റർ** വഴി മേഘാലയ സംസ്ഥാനത്തിന്റെ തലസ്ഥാനമായ ഷില്ലോംഗിലെത്തി. അവിടെ എലിഫെന്റാ അരുവി കണ്ടു. കാശ്മീരിന്റെ തലസ്ഥാനമായ ശ്രീനഗറിലെ തടാകത്തിൽ **ബോട്ട്** യാത്ര നടത്തി.



തുടർന്ന് അവിടെനിന്നും രാജസ്ഥാനിലുള്ള ജയ്പ്പൂർ നഗരത്തിലേക്കുപോയി. അവിടെ **ഒട്ടക സവാരി** നടത്തി.



മഹാരാഷ്ട്രയിലെ ബോംബെ നഗരത്തിലേക്കും പോയി. അവിടെ നിന്ന് എലിഫന്റാ ഗുഹയിലേക്ക് **ബോട്ടിൽ** ചെന്നു. അവിടെ നിന്നും **കാറിൽ** പടിഞ്ഞാറെ കടൽത്തീരം വഴി കേരളത്തിലെത്തി. പിന്നീട് പാലക്കാട് ബൈപാസ് റോഡു വഴി കോയമ്പത്തൂരിലെത്തി.





"ആഹാ! എന്ത് സന്തോഷകരമായ യാത്ര". എന്ന് മീന.

ഇപ്പോൾ **ഓട്ടോ**യിലാണ് നിങ്ങളുടെ സ്കൂളിലെത്തിയത്. എല്ലാത്തരം വാഹനങ്ങളിലും ഞാൻ യാത്ര ചെയ്തിട്ടുണ്ട്. മീനയുടെ മാമൻ പറഞ്ഞു.



മീനയുടെ മനസ്സിൽ സന്തോഷം നിറഞ്ഞു.











# 2. ഭക്ഷണത്തിന്റെ കഥ





എന്താ ഇവരുടെ മുഖം ഇങ്ങനെ? ഇവർ എന്താണ് തിന്നത്? കണ്ടുപിടിക്കുക. അവയോട് യോജിപ്പിക്കുക.



ഇതിന്റെ രുചി എങ്ങനെയായിരിക്കും?

ഇത് കഴിച്ചശേഷം നിങ്ങൾ എന്തു ശബ്ദമുണ്ടാക്കും?













നിങ്ങളുടെ മുഖം എപ്രകാരം മാറും? അഭിനയിച്ചു കാണിക്കൂ.



## നമ്മുടെ ഭക്ഷണം ഉണ്ടായകഥ



ആദിമനുഷ്യർ ഭക്ഷണത്തിനായി മൃഗങ്ങളെ വേട്ടയാടിയിരുന്നു. ക്രമേണ കാട്ടിൽ നിന്നു കിട്ടിയ കായും പഴവും ധാന്യങ്ങളും ശേഖരിച്ചു തുടങ്ങി. പിന്നെ പ്രകൃതിയെ നിരീക്ഷിച്ചു. ധാന്യങ്ങൾ മുളച്ച് ചെടികൾ ഉണ്ടാകുന്നതു കണ്ടു.



ധാന്യങ്ങൾ ശേഖരിച്ച് (വിത്തുകളെ) കൃഷി ചെയ്യാൻ പഠിച്ചു.

കൃഷിക്കുവേണ്ടി നദീ തീരങ്ങളിലും ജല ലഭ്യതയുള്ള പ്രദേശങ്ങളിലും താമസിക്കാൻ തുടങ്ങി. ഇങ്ങനെയാണ് കൃഷിയാരംഭിച്ചത്.







നിങ്ങൾക്ക് ഏറ്റവും ഇഷ്ടപ്പെട്ട
ആഹാരസാധനങ്ങൾ ഏവ?





## നിങ്ങളുടെ സുഹൃത്തിന് ഇഷ്ടപ്പെട്ട ഭക്ഷണ സാധനങ്ങൾ ഏവ?



നിങ്ങൾക്ക് ഒരേ തരത്തിലുള്ള ഭക്ഷണമാണോ ഇഷ്ടം, അതോ വ്യത്യസ്ത തരത്തിലുള്ളതോ? ______________________________________.

നിങ്ങളുടെ സ്ഥിരമായ ഭക്ഷണ വിഭവം ഏത്? ______________________________.

ഇന്നു രാവിലെ നിങ്ങൾ എന്താണ് കഴിച്ചത്? ______________________________.

ഇന്നു രാവിലെ നിങ്ങളും സുഹൃത്തും കഴിച്ച ആഹാരം എന്തൊക്കെ വസ്തുക്കൾ കൊണ്ടാണ് തയ്യാറാക്കിയത്?

സുഹൃത്തിനോട് ചർച്ച ചെയ്ത് എഴുതുക.

______________________________________________________________.

______________________________________________________________.

______________________________________________________________.

______________________________________________________________.

നാം കഴിക്കുന്ന മിക്കവാറും ആഹാരസാധനങ്ങൾ അരി കൊണ്ട് തയ്യാറാക്കിയതാണ്. അരി തമിഴ്നാട്ടുകാരുടെ പ്രധാന ആഹാര പദാർത്ഥമാണ്. ഇന്ത്യയിലെ ഭൂരിപക്ഷം ജനങ്ങളും കൂടുതലായി ഉപയോഗിക്കുന്നത് അരി ആഹാരമാണ്.



## നെല്ല് പറയുന്ന കഥ

ഞാൻ ആരെന്നറിയാമോ?



ഞാൻ നിങ്ങളുടെ ഇഷ്ടപ്പെട്ട ആഹാരമായ അരി തരുന്ന നെല്ല്. ഞാൻ വളരുന്നത് വളക്കൂറുള്ള വണ്ടൽ മണ്ണിലാണ്. നല്ല മഴ, മിതോഷ്ണം, ഈർപ്പം എന്നിവയെ അടിസ്ഥാനമാക്കിയാണ് എന്റെ വളർച്ച. മഴ കുറഞ്ഞ പ്രദേശങ്ങളിൽ വെള്ളം എത്തിച്ചും എന്നെ കൃഷി ചെയ്യുന്നുണ്ട്.



ഉഴുതു പതം വരുത്തിയ നിലത്തിൽ വിത്തു വിതയ്ക്കുന്നു.

ഒരുക്കിയ നിലത്തിൽ ഞാറിളക്കി നടുന്നു. മുപ്പതു മുതൽ അൻപതു ദിവസത്തിനുള്ളിൽ ഞാറിളക്കി നടാം.

കള പറിക്കുന്നു. ഞാറ് വളരുന്നതനുസരിച്ച് വെള്ളം നിറയ്ക്കുന്നു.

കതിര് പാകമാകുമ്പോൾ കൊയ്യുന്നു.

കതിര് അടിച്ച് നെന്മണികളെ വേർതിരിക്കുന്നു.

അതിനെ മില്ലിൽ എത്തിച്ച് അരിയാക്കി മാറ്റുന്നു.























തുടർന്ന് ചന്തയിലോ, കടകളിലോ എത്തിക്കുന്നു. അവിടെ നിന്നുമാണ് നിങ്ങളുടെ വീടുകളിലെത്തുന്നത്. അവിടെ നിങ്ങൾക്കിഷ്ടപ്പെട്ട പല ആഹാര സാധനങ്ങളായി മാറുന്നു. നിങ്ങൾ എന്നെ പല രൂപത്തിലുള്ള ആഹാരസാധനങ്ങളാക്കി മാറ്റി സന്തോഷത്തോടെ കഴിക്കുന്നു.






അധ്യാപകരുടെ സഹായത്താൽ ചിത്രം നോക്കി കരിമ്പിൽ നിന്ന് ശർക്കര എങ്ങനെയുണ്ടാക്കുന്നുവെന്ന് ചർച്ച ചെയ്യുക?

## കരിമ്പിന്റെ കഥ പറയൂ



കൂവരക്





കമ്പ്,



ചോളം

മക്ക ചോളം



ഒരു സ്ഥലത്തിന്റെ മണ്ണിന്റെ സ്വഭാവവും കാലാവസ്ഥയും അനുസരിച്ചാണ് ധാന്യങ്ങൾ വിളയുന്നത്. അത് ആ പ്രദേശത്തെ ജനങ്ങളുടെ ആഹാരത്തിനുപകരിക്കുന്നു. ഗോതമ്പ്, കൂവരക്, കമ്പ്, ചോളം, തിന, ചാമ തുടങ്ങിയവ ധാന്യങ്ങളാണ്. ഇവ ഉപയോഗിച്ച് പലതരത്തിലുള്ള പോഷകാഹാരങ്ങൾ നാം തയ്യാറാക്കുന്നു.
ഒരു ധാന്യം പക്ഷെ വിവിധ ഭക്ഷണങ്ങൾ.

## പല ധാന്യങ്ങൾ പല ഭക്ഷണങ്ങൾ ...










## വിവിധ ധാന്യങ്ങൾ ഒരേ ഭക്ഷണം ...



പോഷകാഹാരപ്പൊടി എന്നത് വിവിധ പോഷകഗുണമുള്ള ധാന്യങ്ങൾ, പരിപ്പുകൾ എന്നിവ ചേർത്ത് പൊടിച്ചുണ്ടാക്കുന്നതാണ്. പോഷകാഹാരപ്പൊടി കുറുക്കി രാവിലെയുള്ള ആഹാരത്തിനുപയോഗിക്കുന്നത് ശരീരപുഷ്ടിക്കു ഗുണകരമാണ്.



പോഷകാഹാരം തയ്യാറാക്കാനുള്ള ധാന്യങ്ങൾ ഏതെല്ലാമാണെന്ന് മുതിർന്നവരോട് ചോദിച്ചെഴുതുക.

______________________________

______________________________

പരിപ്പു വർഗങ്ങളിൽ നിന്ന് തയ്യാറാക്കുന്ന ഭക്ഷണങ്ങളിൽ ചിലത് നിങ്ങളുടെ മാതാപിതാക്കളോട് ചോദിച്ച് എഴുതുക.

ഉഴുന്ന്



പരിപ്പ്



നാം നിത്യേനഭക്ഷണത്തിൽ ചെറുപരിപ്പ് പരിപ്പു വകകൾ ചേർക്കുന്നു ഇതിൽ നിന്നും ശരീരത്തിനാവശ്യമായ പ്രോട്ടീൻ ലഭിക്കുന്നു.

ചെറുപയർ



കടലപ്പരിപ്പ്



തുവര പരിപ്പ്



## ചീര ഉൾപ്പെടുത്തുക.

അനേക വർഷങ്ങൾക്കു മുമ്പുതന്നെ നമ്മുടെ നാട്ടിൽ ചീര ആഹാരമായി ഉപയോഗിച്ചു വരുന്നു. ചീര ശരീരത്തിന് ബലവും ശക്തിയും നൽകുന്നു. നാം കഴിക്കുന്ന ചീരയിൽ നിന്നും നാര്, ഇരുമ്പുസത്ത് തുടങ്ങിയവയും വിറ്റാമിനുകളും കിട്ടുന്നു. അതുകൊണ്ട് നിത്യവും നാം ഭക്ഷണത്തിൽ ചീര ഉപയോഗിക്കേണ്ടതാണ്.

| മുരിങ്ങയില | തുവരയില | കുടങ്ങൽ | മണത്തക്കാളിയില | മുളങ്കീര |
|---|---|---|---|---|
|  |  |  |  |  |
| മല്ലിയില | പച്ചക്കീര | മധുരച്ചീര | ചെറുചീര | പൊന്നാങ്കണ്ണിയില |
|  |  |  |  |  |

ചീരകൊണ്ട് എങ്ങനെ ആഹാരവിഭവങ്ങൾ ഉണ്ടാക്കാം?

________________________________________

________________________________________

നിങ്ങളുടെ പ്രദേശത്തു വളരുന്ന ചീരകൾ ഏതെല്ലാം?

________________________________________

________________________________________

## ആഹാരം തന്നെ മരുന്ന്.

ആഹാരം തയ്യാറാക്കാൻ താഴെ പറഞ്ഞിരിക്കുന്ന പല വസ്തുക്കളെയും നാം നിത്യവും ഉപയോഗിക്കുന്നു. ഇവ പ്രകൃതിയിൽ തന്നെയുള്ള ഔഷധ ഗുണം ചേർന്നവയാണ്.

| കടുക് | ജീരകം | കറിവേപ്പില, മല്ലിയില | വെളുത്തുള്ളി | മുളക് |
|---|---|---|---|---|
|  |  |  |  |  |
| **മഞ്ഞൾ** | **കായം** | **കുരുമുളക്** | **മല്ലി** | **ഇഞ്ചി** |
|  |  |  |  |  |

പല്ലുവേദന, ചുമ, വയറിളക്കം, വയറുവേദന തുടങ്ങിയവ ഉണ്ടാകുമ്പോൾ നിങ്ങളുടെ അമ്മയോ മുത്തശ്ശിയോ എന്തൊക്കെ നാട്ടുചികിത്സകളാണ് / വീട്ടുചികിത്സകളാണ് ചെയ്യുന്നത്?



## മുത്തായ ഭക്ഷണം! സത്തായ ഭക്ഷണം!

നിത്യേന തൊഴിൽ ചെയ്യണമെങ്കിൽ ആരോഗ്യം ആവശ്യമാണ്. ഭക്ഷണത്തിൽ നിന്ന് നമുക്ക് ശക്തി ലഭിക്കുന്നു. ഭക്ഷണം ശരീര വളർച്ചയ്ക്ക് ഉപകരിക്കുന്നു. തുടർന്ന് ബലവും ആരോഗ്യവും നൽകുന്നു. അതുകൊണ്ട് പോഷക ഗുണമുള്ള ഭക്ഷണം നാം കഴിയ്ക്കണം.



കുഞ്ഞുങ്ങൾ മുതൽ മുതിർന്നവർ വരെ അവരവരുടെ ആരോഗ്യ സ്ഥിതിയനുസരിച്ച് ഭക്ഷണ ക്രമീകരണം നടത്തുന്നു. ഓരോരുത്തരുടെ ശരീര വളർച്ചക്ക് ഏതൊക്കെ ആഹാരം വേണമോ അത് ആവശ്യമായ അളവിൽ കഴി യ്ക്കണം.

## ആഹാരം വരുന്നവഴി.

നെല്ല്, ഗോതമ്പ്, എന്നിവ കൃഷി ചെയ്യുന്നതു കൂടാതെ ഭക്ഷണത്തി നായി ജനങ്ങൾ, ആട്, മാട്, കോഴി എന്നിവയെയും വളർത്തുന്നു. ഇതിലൂടെ ഇറച്ചി, പാൽ, മുട്ട എന്നിവ നമുക്ക് ലഭിക്കുന്നു. ഇവയിൽ നിന്നും കൊഴുപ്പ്. പ്രോട്ടീൻ വിറ്റാമിനുകൾ തുടങ്ങിയവ ലഭിക്കുന്നു. നദി, കുളം, കടൽ എന്നിവ യിൽ നിന്നും ലഭിക്കുന്ന മത്സ്യവും ആഹാരമായി ഉപയോഗിക്കുന്നു.

ഇതുകൂടാതെ നമ്മുടെ നാട്ടിൽ തേയില, കാപ്പി, തുടങ്ങിയ തോട്ടവിള കളും മാവ്, പ്ലാവ്, വാഴ എന്നിങ്ങനെയുള്ള ഫല വൃക്ഷങ്ങളും ഭക്ഷണത്തിനായി വളർ ത്തുന്നു. ഭക്ഷ്യസാധനങ്ങൾ എവിടെനിന്നൊക്കെ എങ്ങനെയെല്ലാം ലഭിക്കുന്നു എന്ന് ചിത്രം നോക്കിപ്പറയൂ.



ക്ഷീരകർഷകർ





മീൻ പിടുത്തക്കാർ





കൃഷിക്കാർ





കോഴിവളർത്തൽ



















കൃഷിക്കാർ, മീൻപിടുത്തക്കാർ, ക്ഷീര കർഷകർ, അരി, ഫലങ്ങൾ
കായ്കൾ, മത്സ്യം, ചീര വസ്തുക്കൾ, മുട്ട, മാംസം, കടകൾ, ആഹാരം കഴിയ്ക്കൽ,
ആഹാര വസ്തുക്കൾ ലോറിയിലും ചരക്കുവണ്ടികളിലും ചന്തയിലെത്തിക്കൽ...



ജനിച്ച കുഞ്ഞുങ്ങൾ മുതൽ മുതിർന്നവർ വരെ എല്ലാപേരും കഴിക്കുന്ന പോഷകാഹാരമാണ് പാൽ.



നിങ്ങൾക്ക് ഇഷ്ടപ്പെട്ട ആഹാരങ്ങൾ ______________________.
______________________________

സുഹൃത്തിന് ഇഷ്ടപ്പെട്ട ആഹാര സാധനങ്ങൾ

______________________________.

നിങ്ങൾക്കിഷ്ടപ്പെട്ട ഭക്ഷണങ്ങൾ വീട്ടിൽ മറ്റ് ആർക്കൊക്കെ ഇഷ്ടമാണ്?

______________________________.

നിങ്ങൾ ഇഷ്ടമുണ്ടായിട്ടും ഇതുവരെ കഴിക്കാൻ കഴിയാത്തതുമായ രണ്ട് ഭക്ഷണ സാധനങ്ങൾ

______________________________.



നിനക്കിഷ്ടമില്ലാത്ത ആഹാര സാധനം

______________________________.

നിങ്ങൾക്കിഷ്ടമില്ലാത്തതും നിങ്ങളുടെ ആരോഗ്യത്തിനുവേണ്ടി രക്ഷിതാക്കൾ കഴിക്കാൻ നിർബന്ധിക്കുന്നതുമായ ആഹാരം

______________________________.



**മുതിർന്നവരോട് ചോദിച്ച് ഉത്തരമെഴുതുക.**

മുൻകാലങ്ങളിൽ പാകം ചെയ്തിരുന്നതും ഇപ്പോൾ തയ്യാറാക്കാത്തതുമായ ഭക്ഷണം

______________________________.

ചെറുപ്രായത്തിൽ ഇഷ്ടത്തോടെ കഴിച്ച ഭക്ഷണമേത്? ______________
______________________________.

ഇപ്പോൾ അവരെക്കൊണ്ട് കഴിയ്ക്കാനാവാത്ത പലഹാരം ______________
______________________________.

കാണാതെ, കഴിയ്ക്കാതെ, പാകം ചെയ്യുന്നതിലെ മണം മാത്രം ഉപയോഗിച്ച് കണ്ടുപിടിയ്ക്കാവുന്ന ആഹാരസാധനങ്ങൾ ഏതെല്ലാം? ______________
______________________________.



പാകം ചെയ്യാതെ ഭക്ഷിക്കാൻ കഴിയുന്നവ ഏവ? ________________________________

________________________________________________________________.

ആവിയിൽ വേവുന്ന ഭക്ഷണസാധനങ്ങൾ ഏതൊക്കെ? ______________________

________________________________________________________________.

എണ്ണയിൽ പൊരിക്കാത്തവ ഏവ? ______________________________

________________________________________________________________.



വറ്റൽമുളക്, പപ്പടം എന്നിവ എന്തുകൊണ്ടാണ് വേനൽക്കാലത്ത് തയ്യാറാക്കുന്നത്?

**ആഹാരം** **ആഘോഷം**





പൊങ്കാല





ചുണ്ടൽക്കടല

കേക്ക്





ബിരിയാണി





ഉത്സവ കാലങ്ങളിൽ നിങ്ങളുടെ വീടുകളിൽ തയ്യാറാക്കുന്ന ഭക്ഷണ വിഭവ ങ്ങളേവ?

ഇതുപോലെ ഓറഞ്ച് പഴത്തിലും തയ്യാറാക്കി നോക്കാമോ?





ചെറുനാരങ്ങാ ഒന്നെടുക്കൂ.
അതിനെ രണ്ടായി മുറിച്ച് (ചാറ്) എടുക്കുക.
പഞ്ചസാര ചേർക്കുക.
കുറച്ച് ജലം ഒഴിച്ച് കലക്കി കുടിയ്ക്കുക.
ഇതാണ് നല്ല പാനീയം.







**പോഷകഗുണവും രുചിയുമുള്ള പഴച്ചാറും പച്ചക്കറി സത്തും തയ്യാറാ ക്കാമോ?** ചെയ്യും വിധം എഴുതുക.



## പഴച്ചാറ്

**ആവശ്യമായ പഴങ്ങൾ**

**ചെയ്യും വിധം**







## പച്ചക്കറി സത്ത്

**ആവശ്യമായ പച്ചക്കറികൾ**

**ചെയ്യും വിധം**



# 3. നമുക്കുവേണ്ടി















**ഈ ചിത്രത്തിൽ കാണുന്ന സ്ഥലങ്ങൾ ഏവ?**


പഞ്ചായത്താഫീസ്


ഗവൺമെന്റ് ആശുപത്രി


വീട്


വനിതാ പോലീസ് സ്റ്റേഷൻ
ALL WOMEN POLICE STATION


തമിഴ്നാട് വൈദ്യുതി ബോർഡ്
TAMILNADU ELECTRICITY BOAR

അവയുടെ പേരെഴുതുക?

**ഇത്തരം ആവശ്യങ്ങൾ വന്നാൽ മുൻപേജിലെ ചിത്രങ്ങളിൽ കാണിച്ചിരിക്കുന്ന ഏതു കേന്ദ്രത്തിലേക്കാണ് നിങ്ങൾ പോവുക.**

- കുടുംബാഗങ്ങൾക്ക് അസുഖം വന്നാൽ____________
- വിദ്യാഭ്യാസത്തിന്____________
- മണ്ണെണ്ണ., ശർക്കര മുതലായവ കുറഞ്ഞ വിലയ്ക്കു വാങ്ങാൻ____________
- നിങ്ങളുടെ വീട്ടിലെ ഇരു ചക്രവാഹനം മോഷണം പോയാൽ____________
- രൂപ നിക്ഷേപിക്കുന്നതിനും, ലോൺ എടുക്കുന്നതിനും ____________
- കത്തുകൾ മറ്റു സ്ഥലങ്ങളിലേയ്ക്ക് അയയ്ക്കാൻ____________
- പുതിയ വീട്ടിന് വൈദ്യുതി ലഭിക്കണമെങ്കിൽ ____________
- വീടിന് കുടിവെള്ളം ലഭിക്കുന്നതിനും വീടിന്റെ നികുതിയടയ്ക്കുന്നതിനും____________

**ഇതെല്ലാം നമ്മുടെ നിത്യജീവിതത്തിലെ പ്രധാനപ്പെട്ട ആവശ്യങ്ങളാണെന്ന് അറിയാമല്ലോ?**

ഇവയിൽ നിങ്ങളുടെ വീട്ടിലുള്ളവർക്കെല്ലാം അത്യാവശ്യങ്ങൾക്കു പ്രയോജനപ്പെടുന്ന സ്ഥാപനമേത്?
ഇവയിൽ ഏതെല്ലാം സ്ഥലങ്ങളിൽ നിങ്ങൾ പോയിട്ടുണ്ട്? എന്തിന്?
ഇവയിൽ നിന്റെ വീട്ടിനു സമീപത്തുള്ള സ്ഥാപനങ്ങൾ ഏതെല്ലാം? (നടന്നുചെല്ലാൻ)
ദൂരെയുള്ളവ ഏവ? (വാഹനത്തിൽ മാത്രം ചെല്ലാവുന്നവ)

✔ **ചെയ്യുക.**

| സ്ഥലങ്ങൾ | വീട്ടിനരികിൽ | വീട്ടിൽ നിന്നും ദൂരെ | പ്രയോജനപ്പെടുന്ന വിധം |
|---|---|---|---|
| സ്കൂൾ | | | |
| ബാങ്ക് | | | |
| ആശുപത്രി | | | |
| പോലീസ് സ്റ്റേഷൻ | | | |
| പോസ്റ്റാഫീസ് | | | |
| ബസ് സ്റ്റാന്റ് | | | |

ഈ സ്ഥലങ്ങളിൽ

വെളുത്ത യൂണിഫോം ധരിച്ച് ജോലിയിലേർപ്പെടുന്നവർ ആരൊക്കെ?

കാക്കി യൂണിഫോം ധരിച്ച് ജോലിചെയ്യുന്നവർ ആരൊക്കെ?

നിങ്ങളുടെ വീട്ടിലുള്ളവർ എന്ത് ജോലി ചെയ്യുന്നു? എവിടെ?

നിങ്ങളുടെ വീട്ടിനു സമീപത്തുള്ളവർ എന്തൊക്കെ ജോലിയാണ് ചെയ്യുന്നത്?

നിങ്ങൾ മുതിർന്ന് ജോലിക്കുപോകുമ്പോൾ ഏത് തൊഴിൽ തെരഞ്ഞെടുക്കും? എന്തുകൊണ്ട്?

## പോസ്റ്റാഫീസ്




മുൻ പ്രസിഡന്റ് ശ്രീ എ.പി. ജെ. അബ്ദുൾകലാമിന് അനിച്ചം പാളയം പഞ്ചായത്തു പ്രൈമറി സ്കൂളിലെ വിദ്യാർത്ഥിനി ജനനി എഴുതിയ അഭിനന്ദന കത്ത്.



राष्ट्रपति के अतिरिक्त निजी सचिव
ADDITIONAL PRIVATE SECRETARY
TO THE PRESIDENT

राष्ट्रपति भवन,
नई दिल्ली-110004.
RASHTRAPATI BHAVAN,
NEW DELHI - 110004

மார்ச் 16, 2004

அன்புச் செல்வி ஜனனிக்கு,

வணக்கம்.

தாங்கள் குடியரசுத் தலைவருக்கு எழுதிய கடிதம் கிடைத்தது. தாங்கள் நன்றாக உழைத்து, படித்து வாழ்வில் வெற்றியடைய குடியரசுத் தலைவர் தங்களுக்கு தமது நல்வாழ்த்துக்களைத் தெரிவித்துக் கொள்கிறார்.

வாழ்த்துக்களுடன்,

அன்புள்ள,

(ஜே. ராதாகிருஷ்ணன்)

Selvi K. Janani
D/o D. Kumaran
447, Devanadha Sami Nagar
Maharajapuram Post
Villupuram - 605 052

ലെറ്റർ കോപ്പി

വിദ്യാർത്ഥിനി ജനനിയ്ക്ക് മുൻ പ്രസിഡന്റ് ശ്രീ. എ.പി.ജെ. അബ്ദുൾ കലാം അവർകൾ നൽകിയ മറുപടി കത്ത്.

നിങ്ങളുടെ വീട്ടിൽ ഏതെങ്കിലും കത്തു വന്നിട്ടുണ്ടോ? ______________________

അതിൽ എന്ത് വിവരമാണുണ്ടായിരുന്നത്? ______________________

എവിടെ നിന്നും വന്നു? ______________________

ആരിൽ നിന്നാണ് ലഭിച്ചത് ______________________

ആ കത്തിൽ നിങ്ങളുടെ വീട്ടു വിലാസം എവിടെയാണ് എഴുതിയിരുന്നത്?

മറ്റു സ്ഥലങ്ങളിൽ നിന്നും വരുന്ന കത്തുകൾ നമുക്ക് എങ്ങനെ ലഭിക്കുന്നുവെന്നറിയാമോ?

## ഒരു കത്തിന്റെ യാത്ര

നാം കത്തുകളെ തപാൽപ്പെട്ടിയിൽ ഇടുന്നു. പോസ്റ്റ്മാൻ അവയെ പോസ്റ്റാഫീസുകളിലെത്തിക്കുന്നു. അവിടെവെച്ച് കത്തുകളെ തരം തിരിക്കുന്നു. പോസ്റ്റോഫീസ് മുദ്ര പതിപ്പിച്ച് കര മാർഗം, കടൽ മാർഗം, വായു മാർഗം പല സ്ഥലങ്ങളിലും എത്തിക്കുന്നു. ആ സ്ഥലത്തെ പോസ്റ്റാഫീസ് അതിൽ വീണ്ടും മുദ്ര പതിക്കുന്നു.

പോസ്റ്റ്മാൻ കത്തുകളെ പരിശോധിച്ച് അതാതു മേൽവിലാസക്കാർക്ക് വിതരണം ചെയ്യുന്നു. പോസ്റ്റാഫീസിൽ കവർ, കാർഡ്, മണി ഓർഡർഫോം, സ്റ്റാമ്പ്, ഗവ. പരീക്ഷയ്ക്കുള്ള അപേക്ഷാ ഫോം തുടങ്ങിയവ വിൽക്കപ്പെടുന്നു. ധന നിക്ഷേപപദ്ധതികൾ, വിദ്യാർത്ഥികൾക്കുള്ള സഞ്ചയിക നിക്ഷേപം എന്നിവ അവിടെ ഉണ്ട്. ടെലിഗ്രാം മുഖേന അടിയന്തിര സന്ദേശങ്ങൾ വേഗത്തിൽ എത്തിക്കാൻ കഴിയുന്നു. പോസ്റ്റാഫീസിൽ പോയി വിവരങ്ങൾ ശേഖരിക്കുക.



## ഇവ ഏവ? പേരെഴുതുക? വില രേഖപ്പെടുത്തുക.

______________________ ______________________ ______________________







സാമൂഹ്യശാസ്ത്രം

## ചെയ്തു നോക്കുക.

വ്യത്യസ്തങ്ങളായ തപാൽ സ്റ്റാമ്പുകൾ ശേഖരിക്കുക. ആൽബം തയ്യാറാക്കുക. നിങ്ങളുടെ സുഹൃത്തിന് കത്തെഴുതുക. സുഹൃത്തിനോട് ഇങ്ങോട്ടും കത്തെഴുതാൻ പറയണം. ഇരുവരും തപാൽപ്പെട്ടിയിൽ നിക്ഷേപിക്കുക. പിന്നീട് എങ്ങനെയാണ് കത്ത് നിങ്ങളുടെ കൈവശമെത്തിച്ചേർന്നതെന്ന് ചർച്ച ചെയ്യുക.










നിങ്ങളുടെ പ്രദേശത്തുള്ള തപാൽപ്പെട്ടി നിരീക്ഷിക്കൂ. അതിൽ നിന്ന് കത്തെടുക്കുന്ന സമയം ഏതെന്ന് തിരക്കി വരിക.
നിങ്ങളുടെ പ്രദേശത്ത് കത്തുകളെത്തിക്കുന്ന പോസ്റ്റ്മാന്റെ പേര് അന്വേഷിച്ചറിയുക.

______________________________



വിവരങ്ങൾ യഥാസമയം അറിയിക്കാൻ ഉതകുന്ന വിവരസാങ്കേതിക വിദ്യയുടെ വളർച്ച മൂലം ടെലിഗ്രാം, കത്തുകളയയ്ക്കൽ എന്നിവ കുറഞ്ഞു വരുന്നു. കമ്പ്യൂട്ടറിന്റെ വരവോടെ ഇന്റർനെറ്റ് , സ്പീഡ് പോസ്റ്റ്, സെൽ ഫോൺ എന്നിവ മുഖേന വിവരങ്ങൾ മറ്റ് സ്ഥലങ്ങളിലേക്ക് അതിവേഗം എത്തിക്കാൻ കഴിയുന്നു.









## ബാങ്കുകൾ

ബാങ്കുകൾ പലവിധമാണ്. ബാങ്കുകളിൽ പണം നിക്ഷേപിക്കാം. ആവശ്യത്തിന് തിരിച്ചെടുക്കുകയും ചെയ്യാം. പ്രധാനപ്പെട്ട രേഖകൾ, സ്വർണ്ണം, വെള്ളി എന്നിവയെ ബാങ്കിലുള്ള സുരക്ഷിതപ്പെട്ടിയിൽ സൂക്ഷിക്കാം.

നിങ്ങൾക്കറിയാവുന്ന ബാങ്കുകളുടെ പേരെഴുതുക? ______________________

______________________________________________

______________________________________________

ബാങ്കിൽ അക്കൗണ്ട് തുടങ്ങാനുള്ള നിബന്ധനകൾ എന്തൊക്കെയാണെന്ന് അന്വേഷിച്ചറിയുക.

എ.റ്റി.എം നമ്മുടെ ബാങ്ക്




എ.റ്റി.എം



അക്കൗണ്ടിലുള്ള പണത്തെ നമുക്കാവശ്യമുള്ള സമയത്ത് തിരിച്ചെടുക്കാം. എ.റ്റി.എം. കാർഡുപയോഗിച്ച് പണം ഇതിൽ നിന്നും എടുക്കാം. ഇത് ഇരുപത്തിനാലു മണിക്കൂറും പ്രവർത്തിക്കും.

പണം നിക്ഷേപിക്കുന്നതിനും പണം പിൻവലിക്കുന്നതിനുമുള്ള ഫോറങ്ങളാണിവ. ഇതിനെപ്പറ്റി അറിഞ്ഞു വരിക.






## നമ്മുടെ സുഹൃത്തുക്കൾ



ചിത്രം നോക്കൂ. ഇവർ ചെയ്യുന്ന തൊഴിലുകൾ എന്തെന്ന് എഴുതുക?

ജനങ്ങൾ സ്വന്തം ആവശ്യങ്ങൾക്കായും അവരെ ആശ്രയിച്ചു ജീവിക്കുന്ന മറ്റുള്ളവരുടെ ക്ഷേമത്തിനായും ജോലി ചെയ്തു പണം സമ്പാദിക്കുന്നു. ഇതിനെയാണ് തൊഴിൽ അഥവാ പണി എന്നു പറയുന്നത്. നാം ജീവിക്കുന്ന സമൂഹത്തിൽ പലതരത്തിലുള്ള തൊഴിലുകളിലേർപ്പെട്ടിരിക്കുന്ന ജനങ്ങൾ ഒന്നിച്ചു ജീവിക്കുന്നു. എല്ലാ തൊഴിലുകളും ഒന്നിനോടൊന്ന് ബന്ധപ്പെട്ടിരിക്കുന്നു.



കൊത്തന്മാർ കെട്ടിടങ്ങൾ നിർമ്മിക്കുന്നു. ആശാരിമാർ ജനൽ, കതക് എന്നിവ തയ്യാറാക്കി വയ്ക്കും. പ്ലംബർമാർ കെട്ടിടങ്ങളിൽ വെള്ളമെത്തിക്കാനുള്ള കുഴലുകൾ സ്ഥാപിക്കുന്നു. കക്കൂസുകളുടെ കുഴലുകളെ ഘടിപ്പിക്കുന്നതും അവയുടെ അറ്റകുറ്റപ്പണികൾ ചെയ്തു തീർക്കുന്നതും ഇവർ തന്നെ.



## ആരാണിവർ?



കെട്ടിടം നിർമിക്കുന്നവർ ______________________

കതക്, ജന്നൽ പണിയുന്നവർ. ______________________

കുടിവെള്ളം എത്തിക്കുന്നവർ ______________________

സ്കൂൾ യൂണിഫോം തയ്ക്കുന്നവർ ______________________

നിങ്ങൾക്ക് എഴുതാനും വായിക്കാനും പറഞ്ഞുതരുന്നവർ______________________

വസ്ത്രങ്ങളെ കഴുകി ഉണക്കി ഇസ്തിരിയിടുന്നവർ ______________________



ഇവരെപ്പോലെ നിങ്ങളുടെ ജീവിതത്തിനുപകരിക്കുന്ന മറ്റ് അത്യാവശ്യ തൊഴിലാളികളുടെ പേരുകൾ പട്ടികപ്പെടുത്തുക.

______________________ ______________________

______________________ ______________________

______________________ ______________________

______________________ ______________________



നമ്മുടെ ജീവിതത്തിനത്യാവശ്യമായ കാര്യങ്ങൾ പലതും കണ്ടു. അതിൽ പ്രധാനമായത് ശാരീരികാരോഗ്യം. നാം ആരോഗ്യത്തോടെ ജീവിക്കാൻ ആശുപത്രികളും പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളും പ്രയോജനപ്പെടുന്നു. ഗവൺമെന്റും പൊതുമേഖലാ സ്ഥാപനങ്ങളും ഇതിനുവേണ്ടി പല പ്രവർത്തനങ്ങളും ഏറ്റെടുക്കുന്നു. ശരീരസുഖമില്ലാത്ത സാഹചര്യത്തിൽ പരിശോധിച്ചു മരുന്നു നിശ്ചയിക്കുന്നത് ഡോക്ടർമാർ ആണ്.



നഴ്സ് ഗ്രാമങ്ങളിലെത്തി ജനങ്ങളുടെ ആരോഗ്യവിവരങ്ങൾ അന്വേഷിക്കുകയും ഡോക്ടർമാർ മരുന്നുകൾ നിശ്ചയിച്ച് വിതരണം നടത്തുകയും ചെയ്യുന്നു. നഗരങ്ങളിൽ ആശുപത്രികളും ഗ്രാമങ്ങളിൽ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളും കുഗ്രാമങ്ങളിൽ മിഡ് വൈഫ് സെന്ററുകളും ജനങ്ങളുടെ സേവനത്തിനായി ഏർപ്പെടുത്തിയിരിക്കുന്നു. ഇവർ ജനങ്ങൾക്ക് സൗജന്യമായി ചികിത്സ നൽകുന്നു.

ഗവൺമെന്റാശുപത്രികളിൽ ആയുർവേദ ചികിത്സയ്ക്കും പ്രാമുഖ്യം നൽകി വരുന്നു.

അസുഖം ബാധിച്ച പക്ഷികൾക്കും മൃഗങ്ങൾക്കും ചികിത്സ ചെയ്യാൻ മൃഗാശുപത്രികൾ ഉണ്ട്.

പരിസരത്തുള്ളവർ ചെയ്യുന്ന ഏതെങ്കിലും അഞ്ചു തൊഴിലുകൾ എഴുതുക. അവർ ചെയ്യുന്ന ജോലികളുടെ അടിസ്ഥാനത്തിൽ അവർ എന്തു പേരിൽ അറിയപ്പെടുന്നു എന്നും എഴുതുക?



| ചെയ്യുന്ന തൊഴിൽ | തൊഴിലിന്റെ പേര് |
|---|---|
| സുഖമില്ലാത്തവർക്ക് ചികിത്സ നൽകുക | ഡോക്ടർ |
| | |
| | |
| | |
| | |

# നമ്മളിലൊരാൾ



## ചിത്രത്തിലുള്ളവർ എന്തൊക്കെ തൊഴിലാണ് ചെയ്യുന്നത്?

നിങ്ങളുടെ പ്രദേശത്ത് മറ്റുള്ളവർക്ക് ഉപകരിക്കുന്നവിധത്തിൽ തൊഴിൽ ചെയ്യുന്ന ജനങ്ങളെ കണ്ടിട്ടുണ്ടോ? ഉണ്ട് / ഇല്ല

പരിസരശുചികരണം നടത്തുന്നത് ആര്? ____________________

അവർ എന്തിനാണ് നിങ്ങളുടെ പരിസരം വൃത്തിയായി സൂക്ഷിക്കുന്നത്?

______________________________________________________________

നമുക്ക് സുഖമായി ജീവിക്കാനുതകുന്ന ജോലികളിലേർപ്പെട്ടിരിക്കുന്നവരെക്കുറിച്ച് അറിയാമോ?

റോഡ് വൃത്തിയാക്കൽ, റോഡിന്റെ അറ്റകുറ്റപ്പണികൾ ചെയ്യൽ, പൊതുകക്കൂസ്, മാലിന്യങ്ങൾ ഇടുന്ന തൊട്ടി, ഡ്രൈയിനേജ് തുടങ്ങിയവ വൃത്തിയാക്കൽ എന്നീ തൊഴിലുകൾ ചെയ്യുന്നവരും നമ്മുടെ സമൂഹത്തിലുണ്ട്.

നമുക്കുവേണ്ടി സേവനം ചെയ്യുന്ന അവർക്ക് നാം എന്തൊക്കെ സഹായങ്ങളാണ് ചെയ്യേണ്ടത്? കക്കൂസുകളെ ശരിയായി ഉപയോഗപ്പെടുത്തണം. മാലിന്യങ്ങളെ വ്യത്യസ്ത തൊട്ടികളിൽ നിക്ഷേപിക്കണം. മലിനജലം ഒഴുകുന്ന ഓടകളിൽ തടസ്സമുണ്ടാക്കുന്ന വസ്തുക്കൾ വലിച്ചെറിയരുത്. റോഡുകളിൽ തുപ്പാനോ, ഭക്ഷണ അവശിഷ്ടങ്ങൾ വലിച്ചെറിയാനോ പാടില്ല. എന്തെന്നാൽ നമ്മെപ്പോലുള്ള മനുഷ്യർതന്നെയാണ് അവിടങ്ങളിൽ ജോലിചെയ്യുന്നതും വൃത്തിയാക്കുന്നതും.

ഒരേ ഒരു ദിവസം ഇവരാരെങ്കിലും പണി നിറുത്തി വച്ചാൽ എന്താണ് സംഭവിക്കുക?

റോഡുകളെ വൃത്തിയായി സൂക്ഷിക്കുന്നതും, തെരുവു വിളക്കുകൾ സ്ഥാപിക്കുന്നതും ആരാണ്? നിങ്ങളുടെ വീട്ടിലേക്ക് കുടിവെള്ളം ലഭ്യമാക്കുന്നതും മലിനജലം ഒഴുക്കിക്കളയാനുള്ള കുഴലുകൾ സ്ഥാപിക്കുന്നതും ആരാണ്?

എല്ലാവർക്കും പൊതുവായി ഈ സേവനങ്ങൾ ചെയ്തു തരുന്ന സ്ഥാപനമാണ് പഞ്ചായത്ത്. തെരുവു വിളക്കുകൾ, കുടിവെള്ളം, റോഡുകൾ, ശുദ്ധജലം, പൊതുജനാരോഗ്യം, വിശ്രമകേന്ദ്രം, വിദ്യാഭ്യാസം തുടങ്ങിയ ജനങ്ങളുടെ അടിസ്ഥാന ആവശ്യങ്ങൾ പഞ്ചായത്തുകളാണ് നിർവഹിക്കുന്നത്.

| | |
|---|---|
| ഗ്രാമം | പഞ്ചായത്ത് |
| വലിയഗ്രാമം | ടൗൺ പഞ്ചായത്ത് |
| നഗരം | മുനിസിപ്പാലിറ്റി |
| വലിയനഗരം | കോർപ്പറേഷൻ |

ഇവ ജനങ്ങൾക്ക് ആവശ്യമായ സേവനപ്രവർത്തനങ്ങൾ ഏറ്റെടുത്തു നടപ്പിലാക്കുന്നു. താഴെ കാണുന്നവ ഏതു വിഭാഗത്തിൽപ്പെടും?

പഞ്ചായത്ത് ☐ ടൗൺപഞ്ചായത്ത് ☐ മുനിസിപ്പാലിറ്റി ☐ കോർപ്പറേഷൻ ☐

നിങ്ങളുടെ വീട്ടിലേക്കാവശ്യമായ ജലം എവിടെ നിന്നും ലഭിക്കുന്നു?

ജനങ്ങളുടെ അടിസ്ഥാനാവശ്യമാണ് ജലം. അത് ലഭ്യമല്ലാത്ത സ്ഥലങ്ങളിൽ ആവശ്യത്തിന് സംഭരിച്ച് വയ്ക്കാൻ ജലസംഭരണികൾ ഉപയോഗിക്കുന്നു. ഇതിനായി ഗ്രാമ / നഗര പഞ്ചായത്തുകൾ ആവശ്യമായ ജലസംഭരണികൾ സ്ഥാപിക്കുന്നു.




## ന്യായവില ഷോപ്പ്

കുറഞ്ഞ വിലയിൽ മെച്ചപ്പെട്ട ഭക്ഷ്യ വസ്തുക്കൾ ലഭിക്കുന്ന സ്ഥാപനമാണ് ന്യായവിലഷോപ്പ്. ഇവിടെ നിന്നും വശ്യങ്ങൾക്കുള്ള സാധനങ്ങൾ ലഭിക്കുന്നു. ഇതിനെ പൊതു വിതരണ കേന്ദ്രം എന്നും പറയുന്നു.

ആവശ്യ വസ്തുക്കൾ വാങ്ങാനായി റേഷൻ കാർഡ് ഉപയോഗിക്കുന്നു. റേഷൻകാർഡ് തിരിച്ചറിയൽ കാർഡായും പ്രയോജനപ്പെടും. ജനങ്ങളുടെ വരുമാനമനുസരിച്ച് സർക്കാർ റേഷൻ കാർഡുകൾ നൽകുന്നു. ഇന്ത്യയിൽ എല്ലാ സ്ഥലങ്ങളിലും ന്യായവിലഷോപ്പുകൾ ഉണ്ട്.

**നിങ്ങളുടെ പ്രദേശത്തെ ന്യായവില ഷോപ്പിൽ നിന്നും ലഭിക്കുന്ന വസ്തുക്കൾ ഏതൊക്കെയെന്ന് അന്വേഷിച്ചെഴുതു.**



# സംരക്ഷണ ഹസ്തങ്ങൾ




| | | |
|---|---|---|
| പോലീസ് സ്റ്റേഷൻ | ☎ | 100 |
| ഫയർ സ്റ്റേഷൻ | ☎ | 101 |
| ആംബുലൻസ് | ☎ | 102<br>108 |

## ചർച്ച ചെയ്യൂ.

ചിത്രത്തിൽ എന്തൊക്കെ സംഭവങ്ങളാണ് കാണുന്നത്?
നിങ്ങൾ സംഭവം നടക്കുന്ന ആ സ്ഥലത്തായിരുന്നെങ്കിൽ എന്തു ചെയ്യുമായിരുന്നു?
ഇവരിൽ ആരെയാണ് ആദ്യം വിളിക്കുക?

തീ കെടുത്തുന്ന സ്ഥാപനത്തിൽ ജോലിചെയ്യുന്നവരെ അഗ്നിശമന സേന എന്നു പറയുന്നു. ഇവർ അപ്രതീക്ഷിതമായി അപകടം സംഭവിച്ചാലും, തീ പിടിച്ചാലും ഓടിയെത്തും. ജീവനും സ്വത്തിനും നാശം വരാതെ അവർ സംരക്ഷിക്കും. കൊടുങ്കാറ്റ്, വെള്ളപ്പൊക്കം, ഭൂമികുലുക്കം തുടങ്ങിയ പ്രകൃതിക്ഷോഭങ്ങളുണ്ടായാൽ ഇവരാണ് ജനങ്ങളെ സഹായിക്കുന്നതിന് മുൻപന്തിയിലുണ്ടാവുക.





## പോലീസ്

ഇവരെ അറിയാമോ?

ഇവരുടെ ആസ്ഥാനം (ഓഫീസ് ) ഏതാണ്?

ഇവരുടെ ജോലി എന്താണ്?

നാം സൂക്ഷിച്ചിരിക്കുന്ന സാധനങ്ങൾ മോഷണം പോവുകയോ ഏതെങ്കിലും തരത്തിൽ നഷ്ടപ്പെടുകയോ ചെയ്താൽ അത് വീണ്ടെടുക്കാൻ സഹായിക്കുക ഇവരുടെ കടമയാണ്. നമ്മെ ആരെങ്കിലും ഉപദ്രവിക്കാൻ ശ്രമിച്ചാൽ അതിൽ നിന്നും നമ്മെ രക്ഷിക്കുന്നതും ഇവരാണ്. ഓരോ സ്ഥലത്തും ജോലി ചെയ്യുന്ന പോലീസുകാർ അവിടെ നിയമങ്ങൾ നടപ്പിലാക്കാൻ ശ്രദ്ധിക്കുന്നു.



**പോലീസിന്റെ ജോലി**

കുറ്റങ്ങൾ സംഭവിക്കാതെ തടയൽ

ഗതാഗത നിയന്ത്രണം ഏറ്റെടുക്കൽ

പൊതുമുതൽ സംരക്ഷിക്കൽ

നാം കൊടുക്കുന്ന പരാതികളെ പോലീസുകാർ രജിസ്റ്റർ ചെയ്ത് അതിനുവേണ്ടുന്ന അന്വേഷണം നടത്തി തുടർ നടപടികൾ സ്വീകരിക്കുന്നു. പോലീസുകാർ 24 മണിക്കൂർ സമയവും ജോലി ചെയ്യുന്നതിനാൽ നാം സുരക്ഷിതരായി കഴിയുന്നു.



നിങ്ങളുടെ പ്രദേശത്ത് പോലീസ് സ്റ്റേഷൻ ഉണ്ടോ?

നിങ്ങൾക്കറിയാവുന്ന ആരെങ്കിലും പട്ടാളത്തിൽ ഉണ്ടോ?

ഈ മൂന്നെണ്ണത്തിലും നിങ്ങൾക്കിഷ്ടപ്പെട്ടത് ഏത്?







☐ കരസേന ☐ കപ്പൽസേന ☐ വായുസേന

എല്ലാ ജനങ്ങൾക്കും പ്രയോജനപ്പെടുന്ന തരത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ പൊതുസ്ഥാപനങ്ങളെന്നു പറയുന്നു. ഇത് ഗവൺമെന്റിന്റെ ഭാഗമാണ്. അല്ലാതെ സ്വകാര്യ വ്യക്തിക്കുള്ളതല്ല. ഇതിന്റെ ഗുണങ്ങൾ എല്ലാ ജനങ്ങൾക്കും പൊതുവായിട്ടുള്ളതാണ്.

# മാതൃക ചോദ്യപേപ്പർ
## തുടർ മൂല്യ നിർണ്ണയം
### രണ്ടാം ഘട്ടം

മൂന്നാം തരം
സോഷ്യൽ സയൻസ്

സമയം: **2** മണിക്കൂർ
മാർക്ക്: **60**

**I. തെരഞ്ഞെടുത്ത് ഉത്തരമെഴുതുക.** **5x 1 = 5**

1. വളരെ വേഗത്തിൽ സഞ്ചരിക്കുന്ന വാഹനം ____________________.
   അ) സൈക്കിൾ ആ) തീവണ്ടി ഇ) വിമാനം
2. __________________ വിളഞ്ഞതിന് ശേഷം കൊയ്തെടുക്കുന്നു.
   അ) കതിർ ആ) കള ഇ) വിത്ത്
3. നിയമ പരിപാലനം നടത്തുന്നവർ______________________.
   അ) പോസ്റ്റാഫീസ് ആ) പോലീസ് സ്റ്റേഷൻ ഇ) ബസ് സ്റ്റാൻഡ്
4. താഴെ കൊടുത്തിട്ടുള്ളവയിൽ ഏതാണ് തൊഴിലായി പരിഗണിക്കുന്നത് __________________.
   അ) കത്ത് എഴുതൽ ആ) സ്കൂളിൽ പോകൽ ഇ) പോസ്റ്റാഫീസ് ജോലിക്കാർ
5. നാം സാധാരണയായി ഭക്ഷിക്കാറുള്ള ആഹാരം ____________________.
   അ) ചോളം ആ) അരി ഇ) കേഴ്‌വരക്

**II. ശരിയോ? തെറ്റോ? എന്നെഴുതുക.** **5x 1 = 5**

1. തീവണ്ടി ഇരുമ്പുപാളങ്ങളിൽ കൂടി സഞ്ചരിക്കുന്നു ( )
2. അടിയന്തര സന്ദേശങ്ങൾ ടെലിഗ്രാം മുഖേന അയക്കാവുന്നതാണ് ( )
3. നമുക്ക് ശരീരസുഖമില്ലാതാകുമ്പോൾ മൃഗഡോക്ടറെയാണ് സമീപിക്കാറ് ( )
4. കുരുമുളകും ഇഞ്ചിയും ഔഷഗുണമുള്ള ഭക്ഷണ സാധനങ്ങളാണ് ( )
5. തേയിലയും കാപ്പിയും തോട്ടവിളകളാണ് ( )

**III. പൂരിപ്പിക്കുക** **5x 1 = 5**

1. ചക്രങ്ങൾ കണ്ടുപിടിച്ചതുകൊണ്ട് ____________________ എളുപ്പമായിത്തീർന്നു.
2. വളരെ കുറഞ്ഞ സമയത്തിൽ അധികദൂരം യാത്ര ചെയ്യാൻ ________________ ഉപയോഗിക്കുന്നു.
3. ഭക്ഷണം മൂലം നമ്മുടെ ശരീരത്തിന് ________________ കിട്ടുന്നു.
4. ഗ്രാമങ്ങളിൽ ജനങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ ________________ ചെയ്തു കൊടുക്കുന്നു.
5. സ്വർണ്ണം, വെള്ളി തുടങ്ങിയവ ബാങ്കിലുള്ള ________________ പെട്ടിയിൽ സൂക്ഷിക്കാം.

**IV. യോജിപ്പിക്കുക** **5x 1 = 5**

| | | |
|---|---|---|
| 1. പരിസരസംരക്ഷണം | - | ശർക്കര |
| 2. വെള്ളപ്പൊക്കനിവാരണം | - | ധാന്യം |
| 3. കരിമ്പ് | - | റേഷൻ കാർഡ് |
| 4. ചാമ, കേഴ്‌വരക് | - | ഹെലികോപ്റ്റർ |
| 5. ന്യായവിലക്കട | - | ബസ്സ് |
| | - | സൈക്കിൾ |

**V. യോജിക്കാത്തവ വട്ടമിടുക** **5x 1 = 5**

1. പശു, കോഴി, താറാവ്, കുതിര
2. കരസേന, അഗ്നിശമനസേന, നാവികസേന, വ്യോമസേന
3. കപ്പൽ, വിമാനം, വഞ്ചി, ഹെലികോപ്റ്റർ
4. ഉഴുന്ന്, കേഴ്‌വരക്, കമ്പ്, ചോളം
5. പഞ്ചായത്ത്, രാജഭരണം, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ

**VI. ഏതെങ്കിലും അഞ്ച് ചോദ്യങ്ങൾക്കു മാത്രം ഉത്തരമെഴുതുക 5x 3 =15**

1. നമുക്ക് ആഹാരം തരുന്ന മൃഗങ്ങളിൽ ഏതെങ്കിലും അഞ്ച് എണ്ണത്തിന്റെ പേർ എഴുതുക
2. കരമാർഗ്ഗത്തിലും, ജലമാർഗ്ഗത്തിലും, ആകാശമാർഗ്ഗത്തിലും ഉള്ള ഗതാഗതവാഹനങ്ങളെ തരം തിരിക്കുക?
   (ബസ്സ്, തോണി, സൈക്കിൾ, തീവണ്ടി, വിമാനം, കപ്പൽ, ഹെലികോപ്റ്റർ, കട്ടമരം, കാളവണ്ടി)
3. നിനക്ക് ഇഷ്ടപ്പെട്ട ജോലി ഏത്? എന്ത് കൊണ്ട്?
4. ഭക്ഷ്യക്ഷാമം, വെള്ളപ്പൊക്കം തുടങ്ങിയ പ്രകൃതിക്ഷോഭ വേളകളിൽ ജനങ്ങൾക്ക് ഭക്ഷണം എത്തിക്കുന്നതിന് സഹായിക്കുന്ന ഗതാഗതവാഹനം ഏത്? ഏതു വിധത്തിൽ സഹായിക്കുന്നു?
5. നിങ്ങൾ മറ്റുള്ളവർക്ക് അയക്കുന്ന കത്ത് എങ്ങനെയാണ് അവരുടെ കൈവശം എത്തിച്ചേരുന്നത് എന്നെഴുതുക?
6. പ്രകൃതിയിൽ ഔഷധഗുണമുള്ള ഏതെങ്കിലും അഞ്ചു ഭക്ഷണസാധനങ്ങളുടെ പേർ എഴുതുക?

**VII. വിശദമായി ഉത്തരം എഴുതുക 4x 5 =20**

1. നെല്ല് നന്നായി വളരുന്നതിന് ആവശ്യമായവ എന്തൊക്കെയാണ്?
2. ഒരു വീടു കെട്ടാൻ ഏതെല്ലാം തൊഴിലാളികളുടെ സഹായം ആവശ്യമാണ്?
3. നാം ഏതെല്ലാം കാരണങ്ങൾക്കായിട്ടാണ് യാത്ര ചെയ്യുന്നത്?
4. നിങ്ങളുടെ സ്കൂളിൽ നിന്ന് വിനോദയാത്ര പോകുന്നതായി സങ്കല്പിച്ച് എങ്ങനെയാണ് തയ്യാറെടുക്കുക. താമസിക്കുന്ന സ്ഥലം ഏത്.? എത്ര ദിവസം? എത്ര കുട്ടികൾ? എത്ര വാഹനങ്ങൾ? എന്നിവയെല്ലാം എഴുതുക.

## 'എനിക്കും സാധിക്കും, ഞാൻ ചെയ്തു'
## ('I can, I did')

### വിദ്യാർത്ഥികളുടെ പ്രവർത്തനവിവരസൂചിക

വിഷയം

| ക്രമ നമ്പർ | തിയതി | പാഠഭാഗം | പാഠത്തിന്റെ തലക്കെട്ട് | പ്രവർത്തനം | കുറിപ്പ് |
|---|---|---|---|---|---|
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |